6 (*6) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം

ശ്രീ. എളമരം കരീം :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവും അവയുടെ ഗുണമേന്മയും ഉറപ്പാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇന്നുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(സി) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പരിശോധനാ ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം മെച്ചപ്പെടുത്താനും കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ അളവും ഗുണമേന്മയും ഉറപ്പാക്കുന്നതിന് അതാത് ആഴ്ച വിതരണത്തിനുള്ള അരി ജില്ലാ സപ്ലൈ ആഫീസർമാർ, എഫ്.സി.ഐ.യുടെ ബന്ധപ്പെട്ട ജില്ലാ മാനേജർമാർ, ഗുണനിലവാരവിഭാഗം ഉദ്യോഗസ്ഥന്മാർ എന്നിവർ അടങ്ങിയ സംഘം പരിശോധിച്ച് തീരുമാനിക്കുന്നു. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണത്തിന് തെരഞ്ഞെടുക്കരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കോട്ടയം, തൃശൂർ, കോഴിക്കോട് ആസ്ഥാനമാക്കി ലബോറട്ടറി സൗകര്യങ്ങൾ ഉൾപ്പെടുന്ന നാല് മൊബൈൽ പരിശോധനാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്.

(സി)&(ഡി): സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇത്തരം പരിശോധനാ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. റേഷൻ സാനങ്ങളുടെ വിതരണം സിവിൽ സപ്ലൈസ് വകുപ്പിന്റെ മേൽനോട്ടത്തിലായതിനാൽ ലബോറട്ടറി സൗകര്യങ്ങളും മൊബൈൽ യൂണിറ്റുകളും ആ വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

(ഇ) റേഷൻ വിതരണത്തിനായി എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും നല്ല അരി തെരഞ്ഞെടുക്കുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഗുണമേന്മ പരിശോധിക്കുവാൻ ഒരു അനലിറ്റിക്കൽ ലബോറട്ടറി സ്ഥാപിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly